## ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, നീർവാരം

# സർഗായനം 2019

**ഡിജിറ്റൽ മാഗസിൻ**



## എഡിറ്റോറിയൽ ബോർഡ്

ഷാരോൺ മരിയ സാജു (സ്റ്റുഡന്റ് എഡിറ്റർ)

സഹന പി ഡി

ആഷ്വൽ വിൽസൺ

അംബുജ എ.ബി

നടാഷ തോമസ്

ജിബിൻ തങ്കച്ചൻ

ബിജിൽ കെ.ബി

ഗ്ലാഡിസ് ടി.സി

കവർ ഡിസൈൻ: ഡെൽന മോൾ ടി.കെ

# മുഖമൊഴി

**അഗ്നിപോലെ പകർത്തപ്പെടുന്ന അക്ഷരങ്ങളാണ് മനസ്സുകളിൽ പ്രകാശത്തിന്റെ ഭൂമിക സൃഷ്ടിക്കുന്നത്. വിടരാനായുന്ന ഇളം മുകുളങ്ങളുടെ അക്ഷരോപഹാരം ഇവിടെ പകർത്തപ്പെടുന്നത് പുത്തൻ സാങ്കേതികവിദ്യയുടെ മായാത്ത താളുകളിലാണ്.കൂടുതൽ വേഗത്തിലും,കൂടുതൽ ഇടങ്ങളിലും ഈ സർഗായനം മുദ്രിതമാക്കപ്പെടട്ടെ.**

**ഹെഡ്മാസ്റ്റർ & ചീഫ് എഡിറ്റര്**

# കടലാസ്സുപൂക്കൾ

ഞാൻ ഉമമറത്തു നിന്നും മുറ്റത്തേക്ക് ആഞ്ഞുതുപ്പി.മുറ്റത്തെ വെള്ളക്കല്ലുകളിൽ ചുവപ്പിന്റെ ലേപനം പടർന്നു ."ഛി ....വൃത്തികെട്ട മനുഷ്യൻ .അവിടെ ആകെ നാശാക്കി ."അകത്തുനിന്നും മരുമകളുടെ ശബ്ദം ചെവികളിൽ അലയടിച്ചു .ഇനി ഇവിടെ നിന്നാൽ കുഴപ്പമാണെന്നു കരുതി ഞാൻ പതിയെഅവിടെ നിന്നിറങ്ങി.കാലെല്ലാം കുഴയുന്നുണ്ട്.പ്രായം അതായില്ലേ? സിരകളിൽ രക്തത്തിളപ്പുമായി നടന്ന ആ കാലം സമയത്തിന്റെ തിരശീലകളിൽ മറഞ്ഞുപോയി. അന്ന് അനേകം സമരങ്ങളിൽ ചുവടുറപ്പിച്ചുനടന്ന കാലുകൾ ഇന്ന് തന്നെ ചതിക്കുകയാണ്.ചാക്കോച്ചന്റെ പീടികയിലെത്തി.കാലുവച്ചതേ അകത്തുനിന്നും ചോദ്യം വന്നു."വേലായുധ ....ചായയോ കാപ്പിയോ?" "ഒരു ഗ്ലാസ് കട്ടൻകാപ്പി " "ആ ...ദേ ..വന്നു ". അകത്തുനിന്നും ചൂട് പാറുന്ന കാപ്പി വന്നു .വീട്ടിലെ കെട്ടിപ്പൊക്കിയ നിശബ്തതയെക്കാൾ എനിക്കിഷ്ട്ടം ചാക്കോച്ചന്റെ കടയിലെ ഉച്ചത്തിൽ ഉള്ള സംസാരങ്ങളാണ്.സമൂഹത്തിലെ ഓരോ വിഷയങ്ങളും അവിടെ ചർച്ച ചെയ്യപ്പെട്ടിരുന്നു. ഇന്നത്തെ വിഷയം റോഡരികിൽ പട്ടിയുടെയും പൂച്ചയുടെയും നടുവിൽ കിടന്നു മരിച്ച വൃദ്ധയെ പറ്റിയായിരുന്നു. ഹോ! വല്ലാത്തൊരു തലമുറ തന്നെ. സ്വന്തം അച്ഛനെയും അമ്മയെയും തെരുവോരത്തിലിട്ട് നായയെയും ഇച്ചയെയും ഭക്ഷണമായി നൽകുന്നു.ഞൻ പതിയെ അവിടെനിന്നിറങ്ങി. മാരിയമ്മൻ കോവിലിന്റെ അരികുചേർന്നു നടക്കുമ്പോൾ അവിചാരിതമായി ഞൻ ഒരു സ്ത്രീയെ കണ്ടു. അവർ കടലാസുപൂക്കൾ ഉണ്ടാക്കുകയായിരുന്നു.കണ്ടാൽ ഒരു ധനികകുടുംബത്തിലെ സ്ത്രീ ആണെന്ന് തോന്നും. കാരണം അവർ ഉടുത്തിരുന്ന പട്ടുസാരിക്ക് ഉച്ചവെയിലിനേക്കാൾ തിളക്കം ഉണ്ടായിരുന്നു. അവരുണ്ടാക്കുന്ന കടലാസുപൂക്കൾ വളരെ മനോഹരങ്ങളായിരുന്നു.അവരുടെ ആ പ്രവർത്തി കണ്ട് ഞൻ കുറച്ചുനേരം അവിടെ നിന്നു.പിന്നീട് അവർ ഇരുന്നിടത്തുനിന്ന് എഴുന്നേറ്റ് മാരിയമ്മൻകോവിലിനു മുമ്പിൽ ഉയർന്നു നിന്നിരുന്ന മതിലിൽ ആ കടലാസുപൂക്കൾ വച്ചു. സകല വർണങ്ങളെയും പ്രതിഫലിപ്പിക്കുന്നതുപോലെ കണ്ണടച്ച് പ്രർത്ഥിച്ചതിന് ശേഷം അവർ നടന്നകന്നു.ഉച്ചവെയിൽ ഉച്ചിയുടെ മുകളിൽ എത്തി നിൽക്കുന്ന സമയമാണ്. അടുത്തുകണ്ട ആൽമരച്ചുവട്ടിൽ ഞാനിരുന്നു.വീട്ടിലേക്ക് പോകുവാൻ മനസ് വരുന്നില്ല. അവിടെയിരുന്ന് മയങ്ങിപ്പോയി.എഴുന്നേറ്റപ്പോൾ ഒരു വലിയ ജനക്കൂട്ടം പായുന്നതുകണ്ടു.പാതിയടഞ്ഞ മിഴികളോടെ അവരിൽ ഒരാളോട് കാര്യം ചോദിച്ചു.

"അയ്യോ! താനറിഞ്ഞില്ലേ? അമ്പലകുളത്തില് ആരോ മരിച്ചുകിടക്ക്ന്ന്.ഏതോ പെണ്ണാന്നാ കേട്ടത്."

മനസിലൂടെ ഒരായിരം ചിന്തകൾ കടന്നുപോയി. ആ സ്ത്രീയുടെ മുഖംമനസിലേക്ക് കടന്നുവന്നു. അപ്പോഴേക്കും ഞാൻ കുളക്കടവിൽ എത്തിയിരിന്നു.അതെ! അത് അവർ തന്നെ

"എടോ... ഇത് ആ അഗസ്റ്റിൻ സാറിന്റെ അമ്മയല്ലേ...

ഇവരെന്താ ഇങ്ങനെ ചെയ്തുകളഞ്ഞത്? നല്ല കാശൊള്ള കൂട്ടരല്ലേ? എന്നിട്ടും...

എടാ... എന്തുണ്ടായാലും മനസമാധാനം എന്നൊന്ന് ഇല്ലെങ്കിൽ പിന്നെ എന്തുകാര്യം?

മോനാകട്ടെ അമേരിക്കേല് വല്യ ബിസിനസ്സ്......എല്ലാ ആഴ്ച്ചയിലും കാശയച്ചു

കൊടുക്കും.ഇവരാ കൊട്ടാരം പോലത്തെ വീട്ടിൽ ഒറ്റയ്ക്ക്....മനസ്സിലെ സംഘർഷങ്ങൾ

ആർക്കറിയാം?"ഈ സംഭാഷണങ്ങളൊക്കെ ഞാൻ കേട്ടു.ചുവപ്പും വെള്ളയും നിറമുള്ള

ആ കടലാസുപൂക്കൾ... ഞങ്ങളൊക്കെ കടലാസുപൂക്കളാണ് സുഗന്ധമില്ലാത്ത ഒരു കൂട്ടം ജീവിതങ്ങൾ.. .....

നയന ജോയ് 10 ബി

# പുതുനാമ്പുകൾ

മന്ദമാരുതൻ നെൽച്ചെടികൾ തൊട്ടുതലോടി കടന്നുപോയി.അതിന്റെ സുഖം അനുഭവിച്ച് വരമ്പിലിരിക്കുകയാണ് അയാൾ.അപ്പോഴാണ് പുറകിൽ നിന്നൊരു വിളി കേട്ടത്."രാമുവേട്ടാ ......"അയാൾ തിരിഞ്ഞു നോക്കി.ഭാര്യയാണ് കഴിക്കാനുള്ള കഞ്ഞിയുമായി വരുകയാണ്.അവൾ അയാളുടെ അടുത്തിരുന്നു. ചോറ്റുപാത്രം തുറന്ന് അവൾ അയാൾക്ക് കഞ്ഞി കൊടുത്തു.കഞ്ഞി കുടിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ ഭാര്യയോട് ചോദിച്ചു.

"എടീ രണ്ടുമാസം മുമ്പ് ഈ കണ്ടതിന്റെ അവസ്ഥ എന്തായിരുന്നു?" ശരിയാ ചേട്ടാ ഇത്തവണ കൃഷിയിറക്കാൻ കഴിയുമോ എന്നായിരുന്നു എന്റെ സംശയം".കഞ്ഞിയും കുടിച്ച് ചോറ്റുപാത്രവുമായി ഭാര്യ നടന്നകന്നു.വയലിൽ കാറ്റിലാടുന്ന നെൽച്ചെടികളെ നോക്കി അയാൾ അങ്ങനെയിരുന്നു.രണ്ടുമാസം മുമ്പുള്ള കാര്യങ്ങൾ അയാളുടെ മനസിലേക്കോടിവന്നു.മഴ പെയ്ത് വെള്ളം കയറി നിൽക്കുന്ന കണ്ടം.ഇടിഞ്ഞുവീഴാറായ വീട്ടിൽ വിശപ്പിന്റെ വേദനയുമായി കുരുന്നുകൾ.മക്കൾക്ക് ഒന്നും കൊടുക്കാനാവാതെ നിൽക്കുന്ന അമ്മയുടെ നിസ്സഹായാവസ്ഥ.എല്ലാം നോക്കികൊണ്ട് അയാൾ തിണ്ണയിൽ കുത്തിത്തിയിരുന്നു.മഴതോർന്ന് വെള്ളം ഇറങ്ങിക്കഴിഞ്ഞപ്പോൾ തന്നെ കൈക്കോട്ടുമായി കണ്ടത്തിലേക്കിറങ്ങി.

പ്രതീക്ഷയുടെ പുതുനാമ്പുകൾ പോലെ നിൽക്കുന്ന നെൽച്ചെടികൾ അയാളെ നോക്കി പുഞ്ചിരിച്ചു.അയാൾ തിരിച്ചു.കാലാവസ്ഥ ചതിക്കില്ലെന്ന പ്രതീക്ഷയോടെ കുട്ടയിൽ വളമെടുത്ത് അയാൾ വീണ്ടും കണ്ടത്തിലേക്കിറങ്ങി.

നമിത ജോയ്, 8 ബി

# മഴ പെയ്ത് തീർന്നപ്പോൾ

മഴപെയ്തു തീർന്നപ്പോൾ ഞാൻ പതിയെ പുറത്തേക്കിറങ്ങി.വളരെ മനോഹരമായ അന്തരീക്ഷം ഞാൻ കുന്നിലേക്കു നടന്നു.മഴനനഞ്ഞ് ഈറനണിഞ്ഞ് നിൽക്കയുന്ന പുല്നാമ്പുകൾ സൂര്യന്റെ വെളിച്ചം പതിഞ്ഞപ്പോൾ എന്നെ നോക്കി പുഞ്ചിരിക്കുന്നതായും ഞാൻ കണ്ടു.അപ്പോഴാണ് അങ്ങകലെയായി ഞാൻ ഒരു കാട് കണ്ടത് കട്ടിലാണ് ആന,മാൻ,പന്നി തുടങ്ങിയ വന്യമൃഗങ്ങൾ എല്ലാം ഉണ്ട്.അപ്പോഴാണ് മുളക്കുമ്പുകൾക്കിടയിൽ ചിറകടിച്ച് പറക്കാൻ കഴിയാതെ കിടക്കുന്ന ഒരു കുഞ്ഞു കുരുവിയെ കണ്ടത്.ഞാൻ അവളോട് ചോദിച്ചു നിന്റെ ചിറക് എങ്ങനെ ഒടിഞ്ഞു.അവൾ എന്നോട് സങ്കടത്തോടെപറഞ്ഞു.മഴ പെയ്തപ്പോൾ കൂട്ടിലെത്താൻ വേഗം പറന്നതാ അപ്പോൾ മുളകൾക്കിടയിൽ ചിറകുകുടുങ്ങിയതാ ചിറകിൽ ഞാൻ ബലം കൊടുത്തപ്പോൾ ഉയരങ്ങളിൽ നിന്നും താഴെ വീണു അങ്ങനെയാണ് എന്റെ ചിറകിനു പരിക്കുപറ്റിയത്.എന്നവൾ പറഞ്ഞു.കുട്ടി ആ പക്ഷിയെയും കൊണ്ട് അവളുടെ വീട്ടിലേക്കു പോയി.വീട്ടിൽ ചെന്ന് അവൾ അമ്മയോടും അച്ഛനോടും വിവരം പറഞ്ഞു അവർ മരുന്നുകൾ കൊണ്ട് അവളുടെ ചിറകുകൾ പൊതിഞ്ഞു.മൂന്നുനാൾകൊണ്ട് അവളുടെ ചിറകുകൾ ഭേദമായി.അന്നുമുതൽ അവളും കുഞ്ഞു കുരുവിയും നല്ല കൂട്ടുകാരാണ്.ഒരിക്കലും മറക്കാതെ പിരിയ്ക്കാനാവാത്ത കൂട്ടുകാർ.കുഞ്ഞു കുരുവി അവളോട് പറഞ്ഞു എന്റെ 'അമ്മ എന്നെ കാണാതെ വിഷമിക്കുന്നുണ്ടാവും ഞാൻ പോവുകയാ പിന്നീട് ഒരിക്കൽ അമ്മയെയും കൂട്ടി ഞാൻ ഇങ്ങോട്ടു വരാം.അവൾ അങ്ങനെ പറന്നകന്നു.ഉയരങ്ങളിലേക്ക്.കുഞ്ഞിക്കുരുവിയോടുള്ള സ്നേഹം അവരുടെ സൗഹൃദവും മനസ്സിൽ സൂക്ഷിച്ചവളെങ്ങനെയിരുപ്പായി മൂന്നു മാസങ്ങൾക്കുശേഷം കുഞ്ഞിക്കുരുവിയും അമ്മയും അവളുടെ വീട്ടിലെത്തി അവൾക്കു സന്തോഷമായി കുരുവിയമ്മ പറഞ്ഞു "മോളെ കട്ടിൽ വളരെ ക്ഷാമമാണ് പഴങ്ങൾ ഒന്നും ഇല്ല".അപ്പോൾ അവൾ പറഞ്ഞു "അതുശരിയാണ് നമ്മെ വിഴുങ്ങുന്ന മഹാമാരികൾ എത്തി.നമ്മുടെ ജീവൻ തന്നെ പോകുമോ എന്ന ഭയം നിങ്ങൾ ഇനി ഇവിടെ കഴിഞ്ഞോളൂ.അന്നുമുതൽ കുറുവയമ്മയും കുഞ്ഞുകുരുവിയും അവളോടൊത്തായി താമസം.

എയ്ഞ്ചൽ മരിയ, 8 എ

# മഴയെ നീ തകർത്തല്ലോ......!

ഇനിയും പെയ്തുതോരാത്തയാ
സങ്കട പെരുമഴ....
മഴയുടെ അതിശക്തമായ താണ്ഡവ-
നൃത്തത്തിൽ......
ഹോ! വീണ്ടടഞ്ഞു ചിതറിതെറിച്ചതെത്ര
ജീവിതങ്ങൾ...
രൗദ്ര ഭാവം പൂണ്ട മഴയെ തടിച്ചുലക്കുന്ന
ജീവിതങ്ങളിൽ ചിലത് പാതിയിൽ തീരുന്നു...
ചിലതോ നീറി നീറി പുകഞ്ഞു പുകഞ്ഞു
മരിച്ചു ജീവിക്കുന്നു
നെഞ്ചകം പൊട്ടിതെറിച്ചാമനുഷ്യർ മൊഴിയുന്നു.
"അറിയില്ല... ഇനിയെന്തെന്നറിയില്ല.."
പട്ടുമെത്തയിൽ കിടന്നവനാട്ടെ, പുൽപ്പായയിൽ ഉറങ്ങിയവനാട്ടെ
ഇതാ...ഇപ്പോൾ...
വിദ്യാലയ മുറികളിലെ തണുത്ത തറകളിൽ
ദിവസങ്ങൾ തള്ളിനീക്കുന്നു.
ജാതി-മത-വർഗ-വർണ്ണ അയിത്തം
വച്ചു പുലർത്തിയവരിതാ ഒരു പാത്രത്തിൽ
ഉണ്ണുന്നു...
ഓർക്കുക മനുഷ്യർ തുല്യരാണ്.
ലൗകിക സുഖങ്ങൾ എല്ലാം ക്ഷണികവും
ഓർക്കുക....
ഞാനല്ല... നീയല്ല....'നാമെ'ന്ന പ്രാപഞ്ചിക
സത്യത്തെ...
ഞാനിത്രമാത്രമേ കുറിക്കുന്നുള്ളു...
ജലത്തിന്റെയിത്രയും ഭീകരമാം ഭാവം
അത് ഒരു ഓർമ്മപ്പെടുത്തലാണ്
ഒരിക്കൽ മനുഷ്യൻ മറന്നുപോയ
നമ്മൾ എന്ന സത്യത്തിന്റെ....

മഴയെ നിന്റെ രൗദ്രതയെ അടക്കൂ...
മനോഹരിയാണ് അനുമതി
നിന്റെ ശാന്തഭാവത്തെ പുറത്തുവിടൂ
അപ്പോൾ പുനർജനിക്കട്ടെ,,,,
ആസന്നമൃതി പ്രാപിച്ച.....
നിന്റെ മക്കൾ.....
തോൽക്കില്ല.... ഞങ്ങൾ അതിജീവിക്കും....

അനഘ ബിജു X B

# ചിലന്തി

ആയിരം ജന്മമേകിയവർ തന്നെ കൊന്ന

ചിലന്തിയല്ലെങ്കിലും

ഒരു ജന്മമേയേകിയൊള്ളു

പത്തുമാസം വരെകത്തും

യൗവനം വരെ പൂത്തതും

നങ്ങേലിയെ പോലെ കണ്ണൊന്നും

ചൂഴ്ന്നെടുത്തില്ല

രണ്ടുകണ്ണും അവനുവേണ്ടിത്തന്നെയായിരുന്നു

കാഴ്ച്ചയെപ്പോഴോ മങ്ങിയതാവാം

അവനെയിപ്പോൾ കാണാൻ കഴിയാത്തത്

മങ്ങിയ കണ്ണാടിച്ചില്ലിലൂടെ

ഒരിക്കൽ വായിച്ച കത്തിൽ

മരണത്തേക്കുറിച്ചുള്ള ആനന്ദകരമായ വാക്കുകൾ

ആൽഫിന ഷെയ്ക്ക്സ്, 10 A

# മരണത്തെ പ്രണയിച്ചവർ

ഞാൻ മരിച്ചാൽ നീ കരയരുത്
അവളത് പറഞ്ഞു തീരുന്നതിനു മുൻപേ
കുഴഞ്ഞു വീണു ......
നക്ഷത്ര പ്രഭയാർന്ന കണ്ണിലെപ്പോഴോ
കാർമേഘങ്ങൾ ഉരുണ്ടുകൂടി പെയിതു .....
ഉണർന്നില്ല ... ഉണരാൻ അവനനുവദിച്ചുകാണില്ല ....
പ്രണയമെന്നവൾ ഓമനപ്പേരിട്ടു താലോലിച്ച
മരണമെന്ന കാമുകൻ ..........
അവളൊരിക്കലും മരണത്തെ ഭയപ്പെട്ടിരുന്നില്ല ....
മറിച്ച്പ്രണയിക്കുകയായിരുന്നു .... മരണം
മരണം അവളെ പുണർന്ന ആ രാത്രിയിൽ
മരണത്തിന്റെ പ്രണയ ഭാവത്തെ അവൾ കണ്ടുകാണുമോ
തന്റെ മരണകാമുകനെ ഓർത്തുനീറിയ നാളുകളിൽ
അവനെന്നെ തേടി വന്നിരുന്നെങ്കിൽ .....
എന്നവൾ ആഗ്രഹിച്ചുകാണും ......
അവളൊരിക്കലും തനിച്ചായിരുന്നില്ല ......
അന്ന് 'അമ്മതൻ വാത്സല്യം അച്ഛന്റെ കരുതലും
അനുഭവിച്ചകാലം...... പുത്തൻപ്രതീക്ഷയുടെ
വിശാല ലോകത്ത് അലഞ്ഞകാലം
പുതിയ പുലരിയിൽ ആകാശം മുട്ടുന്ന
സ്വപ്നങ്ങൾ കണ്ടകാലം ...
അവളറിഞ്ഞിരുന്നില്ല ...
അവളെ ചൂഴ്ന്ന് നോക്കുന്ന കഴുകൻ കണ്ണുകളെ ....
അന്ത്യപുലരി അവൾക്കായി വിരിഞ്ഞു ...
മാന്യതയുടെ മുഖം മൂടിയണിഞ്ഞ കഴുകന്മാർ
അവളെ ക്രൂരമായി കൊന്നിരുന്നു ...
മരണം അവളെ പുണർന്നില്ല ....
കഴിഞ്ഞകാലത്തിന്റെ നിഷ്ഠൂര ഓർമ്മകൾ
ചുമലിലേറ്റി വിധിയവളെ കട്ടിലിൽ തളച്ചനാൾ
അവൾ പ്രണയിക്കുവാൻ തുടങ്ങി 'മരണത്തെ '..
അവനെന്നെ തേടിവന്നിരുന്നെങ്കിൽ ........
കാലങ്ങൾക്കപ്പുറമുള്ള വേദനയിൽനിന്ന്
ഇതാ ..ഇപ്പോൾ
"മരണമവളെ പുണർന്നു"..
ഈ ആഗമനം അവളുടെ ഹൃദയപേശികളിൽ
വൈദ്യുതി തരംഗങ്ങളായി മാറിയില്ല.
അവൾ മരിച്ച കഴതിഞ്ഞിരുന്നു.........പ്രണയസാഫല്യം.........

അനഘ X B

# മഴ പറഞ്ഞത്.......

മഴയ്ക്ക് പറയാനുണ്ടായിരുന്നത്
വികാരങ്ങളല്ലാ......വാക്കുകളല്ലാ.......
മഴപറഞ്ഞു....രൗദ്രഭാവത്തോടെ......
മനുഷ്യമതിൽ ആടിയുലഞ്ഞു...
മഴ പറഞ്ഞ ആ കഥ ഇനിയും പെയ്തു തോരാതെ
സങ്കട പെരുമഴയായ് മാറി...
ഹോ! വീണ്ടടഞ്ഞു ചിതറി തെറിച്ചതെത്ര ജീവിതങ്ങൾ.....
മഴ പറഞ്ഞൂ.... തിരിച്ചടിയിലൂടെ......
ചിലത് പാതിയിൽ തീർന്നു......
ചിലതോ നീറി നീറി പുകഞ്ഞു പുകഞ്ഞ് മരിച്ചു ജീവിക്കുന്നു.
മഴ പറഞ്ഞൂ...ജാതി-മത-വർഗ്ഗ-വർണമന്യേ....
പട്ടുമെത്തയിൽ കിടന്നവനാട്ടെ-പുൽപായയിൽ
ഉറങ്ങിയവനാട്ടെ......
ഇതാ ഇപ്പോൾ വിദ്യാലയ മുറികളിലെ....
തണുത്ത തറകളിൽ നാളുന്തി നീക്കുന്നു.....
എവിടെ പോയ് ജാതി-മത-വർഗ-വർണ ചിന്തകർ
ഭിക്ഷുവും-ആഢ്യനും ഒരുമിച്ചുണ്ടു.......
ജാതി കണ്ടില്ല...വർഗമോ വർണമോ നോക്കിയില്ല.........
മഴ പറഞ്ഞൂ....ഓർമ്മപ്പെടുത്തലിലൂടെ....
മനുഷ്യർ തുല്ല്യരാണ്
ലൗകീക സുഖങ്ങളെല്ലാം ക്ഷണികവും.......
പ്രകൃതിയത ഒരു മഴയിലൂടെ പറഞ്ഞു
ഊന്നി ഉറപ്പിച്ചു.
ഇത്.....ഇതൊരോർമ്മപ്പെടുത്തലാണ്.
ഒരിക്കൽ മനുഷ്യർ മറന്നു പോയ "നമ്മൾ" എന്ന
സത്യത്തിന്റെ.....
ഓർക്കുക...ഞാനല്ല....നീയല്ല നമ്മൾ എന്ന
പ്രാപഞ്ചീക സത്യം....
മഴയെ കേൾക്കു......
ഞങ്ങൾ പറയട്ടെ......

നീ മനോഹരിയാണ്...അതുമതി
അപ്പോൾ പുനർജനിക്കട്ടെ നിന്റെ താണ്ഡവത്തിൽ
ആടിയുലഞ്ഞ ജീവനുകൾ........ജീവിതങ്ങൾ
മഴ പറഞ്ഞു മനുഷ്യർ.....കേൾക്കട്ടെ.........

അനഘ ബിജു

# മഴ തീരുമ്പോൾ

ആസന്നമൃതിയിൽ അലംകൃതമായ
വിശാലമാം നിന്റെ രൗദ്രതയിൽ
ആവിഷ്കരിക്കപ്പെട്ട കണങ്ങൾ
വറ്റിതീരാതെ മനുഷ്യഹൃദയത്തിൽ
പതിഞ്ഞുപോയ്..................

കനവായ് ,നിനവായ് ,ജീവനായ്
വളർത്തിയ സ്വപ്നലോകം പാടെ
തകർത്ത് നീ മടങ്ങവെ..........
ചേറുപൂണ്ട കരങ്ങൾ ഉയർത്തി
രോധനത്തിൻ ഭാഷയിലവർ നിന്നോട്
പറയുന്നു മഴയെ നീ തകർത്തല്ലോ?
ആസന്നമൃതിയിലാണ്ട് ഞാൻ മനുഷ്യനെന്ന
ചിന്ത വെടിഞ്ഞ് പ്രവർത്തിച്ചതിന്
മറുപടി ഇത്ര ഭയാനകമോ?
ഇല്ല! ഇറ്റുവീഴാൻ കണ്ണീർ കണങ്ങളവർക്ക്
പറയുവാൻ സ്ഫുടമായ വാക്കുകളർക്ക്
മനുഷ്യനെന്ന മഹാവിപത്തിനോട് പൊരുതാൻ
നീ നിൻ പ്രണയനായകനെ അയച്ചു.
പൂർവാധികം ശക്തിയോടെ അവൻ അയച്ചത്
പ്രളയമെന്ന അവന്റെ വികാരത്തെ
നീ പെയ്തുതീർന്നപ്പോൾ മൺമറഞ്ഞത്
മനുഷ്യനെന്ന വികാമാണ്.വൈമനസ്യത്തോടെ
അവർ തിരിഞ്ഞുനടന്നത് ഒരുപാട് വറ്റാത്ത
കണ്ണീരുമായാണ്. നീ നിന്റെ രൗദ്രതയെ ശാന്തമാക്കി
യപ്പോൾ തീർന്നത് പച്ചയായ സംഖ്യം ജീവനുകൾ.
സ്വപ്നത്തെ,സ്നേഹത്തെ,വിശ്വാത്തെ എല്ലാം
വിലിച്ച് നീ മാലിന്യത്തിനു സമം കൂനകളാക്കി.
നീ പെയ്തൊഴിഞ്ഞപ്പോൾ ബാക്കിയായത് ജീവനുള്ള ജഡമാണ്
ഇല്ലതായത് മനുഷ്യനെന്ന വികാരമാണ്. അശാന്ത സമുദ്രത്തിൻ
സുന്ദരതീരം അവർ ദു:ഖഞ്ചാരത്തിൻ ചവിട്ടടിപാതയാക്കി.

പ്രളയമെന്ന നിന്റെ പ്രണയനായകനെ നീയയച്ചപ്പോൾ
ഇല്ലാതായത് 'ഞാൻ' എന്ന വിസ്മയമായ മനോഭാവമാണ്
ജാതി-മത ഭേദമന്യേ അവർ കൈകോർത്തു.

ഒന്നായ് നിനക്കെതിരെ പോരാടി. തീരുന്നില്ല നിന്റെ
വിളയാട്ടങ്ങൾ. വറ്റാത്ത കണ്ണീരുറവയായത് ഇന്നും അവ ഒഴുകുന്നു.
മനുഷ്യനെന്ന അതിർവരമ്പുകളെ ഭേദിച്ച് നീ കടന്നുപോയപ്പോൾ
കനലായ് നീറുന്ന വ്രണങ്ങളവർക്ക് സമ്മാനിച്ചു.
പലരും ഏകരായി എന്നാൽ 'ഏകാന്തത' എന്ന ഓമന
പേർ നൽകിയതിനെയാദരിച്ചു.കിരാതമായ പൊയ്മുഖങ്ങൾ
അഴിഞ്ഞുവീണപോയ്, കെട്ടിപടുത്ത സാമ്രാജ്യങ്ങൾ നിലം
പരിശായി. സർവനാശം വിതച്ച് നീ കടന്നുപോയപ്പോൾ
നിന്റെ തുള്ളികൾ താളം കെട്ടിയത്  മനുഷ്യഹൃദയത്തിലാണ്.
മഴയെന്ന വികാരത്തോടെ.........................

മീന ശങ്കരി

## ചിത്ര പഥം...........









അൽഗ മോനിയ ഷിജു



വളരെ എളിയ സംരംഭമാണ് ഈ മാഗസിൻ. തീർത്തും പരിമിതമായ അറിവിലും സമയത്തിനുള്ളിലും നിന്നുള്ള പ്രവത്തനത്തിന്റെ ഉൽപ്പന്നം. ഇതിന്റെ ഫലപ്രാപ്തിക് സഹായിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നു.ആവശ്യമായ നിർദേശങ്ങൾ തന്ന അദ്ധ്യാപകർ, സൃഷ്ടികൾ തന്നു സഹായിച്ച പ്രിയക്കൂട്ടുകാർ എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി .

എഡിറ്റർ